>> അനുസ്മരണം

## കെ.പി കുഞ്ഞിമൊയ്തീൻകുട്ടി



**തിരൂർ** മുട്ടുങ്കൽ സ്വദേശിയായിരുന്നു കക്കിടി പുല്യാപുറത്ത് കുഞ്ഞിമൊയ്തീൻകുട്ടി(65). 40 വർഷം മുമ്പാണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടത്. 28-ാം വയസ്സിൽ ജമാഅത്ത് അംഗമായി. കുറുമ്പടി പലിശരഹിത നിധി, കുറുമ്പടി ജുമാ മസ്ജിദ്, ചേന്നര ഇസ്‌ലാമിയാ കോളേജ്, കുറുമ്പടി അൽമദ്റസത്തുൽ ഇസ്‌ലാമിയ്യ എന്നിവയുടെ സ്ഥാപക ഭാരവാഹിയായിരുന്നു.

ജമാഅത്തെ ഇസ്‌ലാമി താനൂർ ഏരിയാ ഓർഗനൈസർ, ചേന്നര ഇസ്‌ലാമിക് മിഷൻ ചെയർമാൻ, കുറുമ്പടി ഇസ്‌ലാമിക് കൾച്ചറൽ സൊസൈറ്റി അഡ്വൈസറി കമ്മിറ്റിയംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചു. അഖിലേന്ത്യാ സമ്മേളനങ്ങളിലടക്കം ജമാഅത്തിന്റെയും അനുബന്ധ സംരംഭങ്ങളുടെയും പ്രധാന സമ്മേളനങ്ങളിലെല്ലാം പാചകപ്പുരയുടെ പ്രധാന ചുമതലക്കാരിൽ ഒരാളായിരുന്നു. ഉപമകളും ഉദാഹരണങ്ങളും ഫലിതവും നിറഞ്ഞ സംസാരവും പ്രസംഗവും ആകർഷകമായിരുന്നു. ഒമാൻ, ഒറീസ, തമിഴ്നാട് എന്നിവിടങ്ങളിൽ ജോലി നോക്കിയിട്ടുണ്ട്.

**ടി.പി മുസ്ത്വഫ മാസ്റ്റർ കുറുമ്പടി**

## പി. അലവി



**ചേങ്ങോട്ടൂർ** ഹൽഖയിലെ കാർകൂനായിരുന്നു പി. അലവി സാഹിബ്(84). 60-കളിൽതന്നെ പ്രസ്ഥാനവുമായി ബന്ധം പുലർത്തി. മരംവെട്ടായിരുന്നു തൊഴിൽ. വാഹനസൗകര്യം കുറവായിരുന്ന കാലത്ത് മലപ്പുറം വലിയങ്ങാടിയിലെ പൂളക്കണ്ണിൽ നടന്ന ജമാഅത്ത് സമ്മേളനത്തിന് പന്തലിടാൻ നടന്ന് പോവുമായിരുന്നു. കാര്യമായ ഔപചാരിക വിദ്യാഭ്യാസമൊന്നും നേടിയില്ലെങ്കിലും സ്വയം പഠനത്തിലൂടെ ധാരാളം അറിവ് സ്വായത്തമാക്കി.

**കെ.പി ആലിക്കുട്ടി ചേങ്ങോട്ടൂർ**

## സൈതാലിക്കുട്ടി മൗലവി



**പണ്ഡിതനും** ജമാഅത്തെ ഇസ്‌ലാമി അംഗവുമായിരുന്നു കടന്നമണ്ണ കെ. സൈതാലിക്കുട്ടി മൗലവി(74). അരീക്കോട് സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂളിൽ ദീർഘകാലം അധ്യാപക ജോലിചെയ്തു. വലിയൊരു ശിഷ്യ സമ്പത്തിനുടമായായിരുന്നു. കടന്നമണ്ണയെ വിദ്യാസമ്പന്നരുടെയും പുരോഗമനാശയക്കാരുടെയും നാടാക്കി മാറ്റുന്നതിൽ കഠിനാധ്വാനം ചെയ്ത പണ്ഡിത സംഘത്തിന്റെ മുൻനിരപ്പോരാളിയായിരുന്നു മൗലവി. വിപുലമായ വ്യക്തിബന്ധങ്ങളും അഗതി സഹായ ശീലങ്ങളും ജീവിതാന്ത്യം വരെ അദ്ദേഹം നിലനിർത്തി. പുളിക്കൽ അറബിക് കോളേജിൽ വിദ്യാർഥിയായിരിക്കുമ്പോഴേ ജമാഅത്തെ ഇസ്‌ലാമിയിൽ ആകൃഷ്ടനായി. കടന്നമണ്ണ മഹല്ല് മുൻപ്രസിഡന്റും ഇസ്‌ലാമിക് സർവീസ് സൊസൈറ്റി, ഐഡിയൽ ചാരിറ്റബ്ൾ ട്രസ്റ്റ് എന്നിവയുടെ ഭാരവാഹിയുമായിരുന്നു.

**അബ്ദുർറഹ്മാൻ കടന്നമണ്ണ**



## സക്കീർ അമ്പലത്തിങ്ങൽ

**വെസ്റ്റ്** ചേന്ദമംഗല്ലൂരിലെ സജീവ എസ്.ഐ.ഒ പ്രവർത്തകനായിരുന്നു അമ്പലത്തിങ്ങൽ സക്കീർ. പെരുന്നാൾ പിറ്റേന്ന് സുഹൃത്തുക്കളോടൊപ്പം ഊട്ടിയിലേക്കുള്ള യാത്രാമധ്യേയാണ് ഗൂഡല്ലൂരിൽ വെച്ച് അദ്ദേഹം മരണപ്പെട്ടത്. നല്ലൊരു സംഘാടകനും സേവനതൽപരനുമായിരുന്നു സക്കീർ.

**എ. അബ്ദുൽഗഫൂർ**